**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5117** **20-03-2025 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിലെ മീനച്ചിൽ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാലാ മണ്ഡലത്തിലെ മീനച്ചിൽ വില്ലേജ് ഓഫീസിൽ മഴക്കാലത്ത് വെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വന്തമായി സ്ഥലമുള്ള പ്രസ്തുത ഓഫീസിന് പുതിയ കെട്ടിടം നിർമ്മിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മീനച്ചിൽ വില്ലേജിന് സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭിച്ചതിൻ പ്രകാരം നിലവിലെ വില്ലേജ് ഓഫീസ് സ്ഥിതിചെയ്യുന്ന മീനച്ചിൽ വില്ലേജിൽ ബ്ലോക്ക് നം 39 ൽ റീ സർവ്വെ നം 129/3 ൽ 08.25 ആർ സ്ഥലത്ത് പുതിയ സ്മാർട്ട് വില്ലേജാഫീസ് നിർമ്മാണത്തിനായി നടപടി സ്വീകരിച്ചിരുന്നെങ്കിലും ടി സ്ഥലം റോഡ് നിരപ്പിൽ നിന്നും 3 അടി താഴ്ചയിലാണ് സ്ഥിതി ചെയ്യുന്നതെന്നും, 22000 vലൈൻ സൈറ്റിന്റെ മധ്യ ഭാഗത്തുകൂടി കൂടെ ഏകദേശം 10 മീറ്റർ ഉയരത്തിൽ 15.8 മീറ്റർ വീതിയിൽ വിലങ്ങനെ കടന്നു പോകുന്നതിനാൽ കെ.എസ്.ഇ.ബി നിയമം അനുസരിച്ച് 4 മീറ്റർ മാറി മാത്രമെ നിർമ്മാണം നടത്തുവാൻ സാധിക്കുകയുള്ളു എന്നും ബാക്കിയുള്ള പരിമിതമായ സ്ഥലത്ത് പഞ്ചായത്ത് നിയമങ്ങൾ പാലിച്ചുകൊണ്ട് 1100 sqft വിസ്തൃതിയുള്ള സ്മാർട്ട് വില്ലേജാഫീസ് നിർമ്മാണം സാധ്യമല്ല എന്നും ജില്ലാ നിർമ്മിതി കേന്ദ്രം, പ്രോജക്ട് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും ടി ആവശ്യത്തിനായി അനുയോജ്യമായ സർക്കാർ ഉടമസ്ഥതയിലുള്ള മറ്റു ഭൂമികൾ ഒന്നും തന്നെ നിലവിൽ ലഭ്യമല്ലാത്തതിനാലും, വില്ലേജ് നിർമ്മാണത്തിന് അനുയോജ്യമായ മറ്റ് ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ |

സെക്ഷൻ ഓഫീസർ